പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1141 — 20/03/2012 ൽ മറുപടിയ്ക്ക്

## മിച്ചഭൂമിയുടെ അളവ് തിട്ടപ്പെടുത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ്: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ റീസർവ്വേ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ; ആയത് പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) കേരളത്തിലെ മുഴുവൻ വില്ലേജുകളുടെയും റീസർവ്വേ പൂർത്തീകരിച്ചിട്ടില്ല. ആകെയുള്ള 1635 റവന്യൂ വില്ലേജുകളിൽ 773 വില്ലേജുകൾ പൂർണ്ണമായും 12 വില്ലേജുകളിൽപ്പെട്ട 28 ബ്ലോക്കുകളും, റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. മാത്രമല്ല 400-ഓളം വില്ലേജുകളുടെ ജോലി പുരോഗതിയിലാണ്. ശേഷിക്കുന്ന വില്ലേജുകളുടെ റീസർവ്വേ ആരംഭിച്ചിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ എന്നത്തേയ്ക്കു പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തിന്റെ റീസർവ്വെ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി പൈലറ്റ് പ്രോജക്ടായി 12 ജില്ലകളിൽപ്പെട്ട 24 വില്ലേജുകളുടെ റീസർവ്വേ 5 മാസം കൊണ്ട് പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള ജോലികൾ ഇപ്പോൾ അവസാനഘട്ടത്തിലാണ്. റീസർവ്വേ നടത്താനുള്ള പ്രദേശങ്ങളിൽ സർക്കാർ ഭൂമി സർവ്വേ ചെയ്ത് തിട്ടപ്പെടുത്തിയാൽ മതിയെന്നും, അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ സർവ്വേ നടത്താവുന്നതാണെന്നും 08/02/2012 ലെ മന്ത്രിസഭായോഗം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. റീസർവ്വേ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുള്ള വില്ലേജുകളിൽ ഉണ്ടായിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ മിച്ച ഭൂമിയുടെ അളവ് തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (സി) | റീസർവ്വേയിൽ മിച്ചഭൂമി പ്രത്യേകമായി അളന്ന് തിട്ടപ്പെടുത്തുന്നില്ല. |
| (ഡി) | എങ്കിൽ ജില്ല തിരിച്ചുള്ള സ്ഥിതി വിവരങ്ങൾ നൽകുമോ; | (ഡി) | ബാധകമല്ല |
| (ഇ) | ഇപ്രകാരം കണ്ടെത്തുന്ന ഭൂമി ഭൂരഹിതരായവർക്ക് പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ബാധകമല്ല |

സെക്ഷൻ ഓഫീസർ